പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 3055</u>

<u>20.12.2012 ൽ മറുപടിയ്ക്ക്</u>

## ഓപ്പൺ മാർക്കറ്റിൽ അരിക്ക് ഉണ്ടായ വിലവർദ്ധനവ്

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

എ) കേരളത്തിലെ അരിക്ഷാമവും വിലവർദ്ധനവും സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. അനൂപ്ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) അരിക്ഷാമം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അരി വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ ഫലപ്രദമായി വിപണിയിട പെടൽ നടത്തി വരുന്നുണ്ട്. അരിവില വർദ്ധനവ് നിയന്ത്രിക്കുന്ന തിന് സർക്കാരിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ /എ.എ.വൈ കാർഡ് ഉടമകൾക്കും കിലോയ്ക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം യഥാക്രമം 25 കിലോയും 35 കിലോയും അരി വിതരണം ചെയ്തുവരുന്നു. കൂടാതെ ബി.പി. എൽ കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിൽ ഗോതമ്പും വിതരണം ചെയ്യുന്നു. ഒഎംഎസ്എസ് നിരക്കിൽ കേന്ദ്രം 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും പി.ഡി.എസ് വഴിയുള്ള വിതരണത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.എസ്.എസ് സ്കീമിൽ സപ്ലൈകോ മുഖേന വിതരണം ചെയ്യുന്നതിന് 20000 മെ.ടൺ അരിയും 500 മെ.ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ട്.

കാർഡൊന്നിന് പ്രതിമാസം 20 കി.ഗ്രാം അരി കുറഞ്ഞ വിലയിൽ സപ്ലൈകോ വഴി ഒരു കുടുംബത്തിന് നൽകി വരുന്നു. കൂടാതെ 20 ശതമാനം അധികമായി അരി വാങ്ങുവാൻ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | കഴിഞ്ഞ രണ്ട് മാസംകൊണ്ട് ഓപ്പൺ മാർക്കറ്റിൽ അരിക്ക് എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കുമോ; | ബി) | 12-10-2012 ലെയും 12-12-2012 ലെയും അരിയുടെ ഓപ്പൺ മാർക്കറ്റിലെ സംസ്ഥാന ശരാശരി ചില്ലറ വിലയും, ശതമാന വ്യതിയാനവും അനുബന്ധ മായി ചേർക്കുന്നു. |
| സി) | കേരളത്തിലെ എഫ്.സി.ഐ. ഗോഡൗ ണുകളിൽ വിതരണം ചെയ്യാതെ കെട്ടിക്കിടന്ന് നശിക്കുന്ന എത്ര ടൺ അരിയുണ്ട് എന്നും എഫ്.സി.ഐ ഗോഡൗണുകളിൽ അരി എത്ര കാലത്തോളം സൂക്ഷിക്കുന്നു എന്നും വ്യക്തമാക്കുമോ; | സി) | കഴിഞ്ഞ 3 വർഷമായി കേരളത്തിലെ എഫ്സിഐ ഗോഡൗണുകളിൽ, അരി വിതരണം ചെയ്യാതെ കെട്ടിക്കിടന്ന് നശിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെ ട്ടിട്ടില്ല. കേരളത്തിലെ എഫ്സിഐ ഗോഡൗണുകളിൽ മൂന്ന് വർഷം വരെ ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നുണ്ട്. |
| ഡി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇങ്ങനെ വിതരണം ചെയ്യാതെ ഉപയോഗശൂന്യമായ എത്ര ടൺ അരി നശിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കു മോ? | ഡി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിതരണം ചെയ്യാതെ അരി ഉപയോഗശൂന്യമാവുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടില്ല |

Beenan

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്